**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5962** **09-11-2021 - ൽ മറുപടിയ്ക്ക്**

**ഇ-ഗ്രാന്റ് മുഖേനയുള്ള സാമ്പത്തിക സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു.എ.ലത്തീഫ്** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | എസ്.സി./എസ്.ടി./ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട ബി.എസ്.സി. നഴ്സിംഗ് വിദ്യാർത്ഥികൾക്ക് 2020-21 സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പിൽ നിന്ന് ഇ-ഗ്രാന്റ് മുഖേന സാമ്പത്തിക സഹായത്തിനുള്ള തുക പൂർണമായും വിതരണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; ഇല്ലെങ്കിൽ എന്ത് കൊണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പിന്റെ ഓൺലൈൻ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് വിതരണ പദ്ധതിയായ ഇ-ഗ്രാന്റ്സ് മുഖേനയുള്ള സ്കോളർഷിപ്പ് അപേക്ഷകൾ അതാത് സ്ഥാപനങ്ങളിൽ നിന്നും ഫോർവേഡ് ചെയ്യുന്നവ ജില്ലാ ഓഫിസറുടെ അംഗീകാരത്തിന് ശേഷം പേയ്മെന്റ് ചെയ്യുന്നതിനായി പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ എത്തുന്നു. 2020-21 വർഷം ഇപ്രകാരം അപേക്ഷ അംഗീകരിക്കപ്പെട്ട് പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ എത്തിയ ബി.എസ്.സി നഴ്സിംഗ് വിദ്യാർത്ഥികൾക്ക് തുക വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | 2021-22 വർഷത്തിൽ ഇ-ഗ്രാന്റ് അനുവദിക്കുന്നതിന് എത്ര തുക വകയിരുത്തിയിട്ടുണ്ട്; ഉണ്ടെങ്കിൽ എസ്.സി./എസ്.ടി./ഒ.ഇ.സി. വിഭാഗങ്ങൾക്കുള്ള വിഹിതം എത്രയെന്ന് വിശദമാക്കാമോ; | (ബി) | 2021-22 വർഷം ഇ-ഗ്രാന്റ്സ് മുഖേനയുള്ളത് ഉൾപ്പെടെ പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് വിതരണ പദ്ധതിക്കായി 270 കോടി രൂപയും, പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് വിതരണ പദ്ധതിക്കായി 35 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഒ.ഇ.സി, ഒ.ബി.സി (എച്ച്) വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിനായി 2021-22 വർഷത്തെ ബജറ്റിൽ 230.20കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | ഇ-ഗ്രാന്റ് സംബന്ധിച്ചുള്ള പ്രവൃത്തിയിൽ ഉദ്യോഗസ്ഥർ ഉപേക്ഷ വിചാരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്മേൽ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ